LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ചാലക്കുടി കണ്ണമ്പുഴ ക്ഷേത്രക്കടവ്, പരിയാരം കപ്പേളക്കടവ്, കന്നപ്പിള്ളി വട്ടകയംഭാഗം എന്നിവിടങ്ങളിൽ പുഴയോരം കെട്ടി സംരക്ഷിക്കുന്നതിനായി ജില്ലാതല വിദഗ്ധ സമിതി അംഗീകരിച്ച പ്രവൃത്തികൾ അംഗീകാരത്തിനായി ലഭ്യമായിട്ടുണ്ട്. അടുത്ത സംസ്ഥാന ഉന്നതതല സമിതി യോഗത്തിൽ മേൽപ്പറഞ്ഞ പ്രവൃത്തികൾ പരിഗണിക്കുന്നതാണ്. എന്നാൽ കൂടപ്പുഴ ചെക്ക്ഡാമിനുതാഴെ ഭാഗവുമായി ബന്ധപ്പെട്ട പ്രവൃത്തി ജില്ലാതല വിദഗ്ധ സമിതി അംഗീകരിച്ച് പരിഗണനയ്ക്കായി ലഭ്യമായിട്ടില്ല.

വൈക്കം നിയോജകമണ്ഡലത്തിലെ റീ-സർവ്വേ പൂർത്തീകരിക്കാൻ നടപടി

161 (5246) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈക്കം നിയോജകമണ്ഡലത്തിലെ ഏതൊക്കെ വില്ലേജുകളിലെ റീ-സർവ്വേ ജോലികളാണ് പൂർത്തിയാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇനിയും റീ-സർവ്വേ ജോലികൾ പൂർത്തിയാക്കാനുള്ള വില്ലേജുകൾ ഏതൊക്കെയാണ്, ജോലികൾ പൂർത്തിയാക്കാൻ വൈകുന്നതിന്റെ കാരണം എന്തൊക്കെയാണ് ; പൂർത്തിയാകാത്ത വില്ലേജുകളിൽ റീ-സർവ്വേ ജോലികൾക്കായി നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ ആരെല്ലാമാണ് ; വ്യക്തമാക്കുമോ ;

(സി) വൈക്കം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട വില്ലേജുകളിലെ റീ-സർവ്വേ ജോലികൾ പൂർണ്ണമായും എന്ന് പൂർത്തിയാക്കാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വൈക്കം നിയോജകമണ്ഡലത്തിൽ ഒരു വില്ലേജിലും റീ-സർവ്വേ പൂർത്തിയാക്കിയിട്ടില്ല.

(ബി) ചെമ്പ്, വെള്ളൂർ, കെ.എസ്. മംഗലം, വടക്കേമുറി, ഉദയനാപുരം, നടുവിലെ, വൈക്കം, റ്റി.വി.പുരം, വടയാർ, തലയാഴം, വെച്ചൂർ, കല്ലറ എന്നീ വില്ലേജുകളിലാണ് റീ-സർവ്വേ ജോലികൾ പൂർത്തിയാക്കാനുള്ളത്. സംസ്ഥാനത്ത് റീ-സർവ്വേ പ്രവർത്തനങ്ങൾ സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്കുമാത്രം

സ്വകാര്യ ഭൂമിയിലുമായി നിജപ്പെടുത്തിയിട്ടുണ്ട്. പാലാ സൂപ്രണ്ട് ഓഫീസിൽ നിന്നും 7 സർവ്വേയർമാരെയും ചങ്ങനാശ്ശേരി റീ-സർവ്വേ സൂപ്രണ്ട് ഓഫീസിൽനിന്നും 5 സർവ്വേയർമാരെയും വൈക്കം റീ-സർവ്വേ സൂപ്രണ്ട് ഓഫീസിൽനിന്നും 8 സർവ്വേയർമാരെയും റീ-സർവ്വേ ജോലികളുടെ പ്രാരംഭ നടപടികൾക്കായുള്ള റിക്കാർഡ് കളക്ഷൻസ് ജോലികൾക്ക് നിയോഗിച്ചിട്ടുണ്ട്.

(സി) വൈക്കം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട വില്ലേജുകളിലെ റീ-സർവ്വേ ജോലികൾ പൂർണ്ണമായും എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് കണക്കാക്കിയിട്ടില്ല.

സർവ്വേ വകുപ്പിന്റെ ആധുനികവൽക്കരണം

162 (5247) ശ്രീ. എം. പി. വിൻസെന്റ് :

ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വേ വകുപ്പ് ആധുനികവൽക്കരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ;

(ബി) ആരുടെയെല്ലാം സഹകരണത്തോടെയാണ് ഇവ നടപ്പാക്കുന്നത് ;

(സി) ഇത് നടപ്പിൽ വരുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) കേരളാ ലാന്റ് ഇൻഫർമേഷൻ മിഷൻ മുഖാന്തിരം സർവ്വേ വകുപ്പ് ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി റീ-സർവ്വേ റിക്കാർഡുകളുടെ സംരക്ഷണത്തിനും ഡിജിറ്റൈസേഷനുമായി സെൻട്രൽ ഡിജിറ്റൈസേഷൻ സെന്റർ എന്ന ജി.ഐ.എസ്. അധിഷ്ഠിതമായ ഒരു മോഡേൺ ലബോറട്ടറി തിരുവനന്തപുരത്ത് സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ആയതിന്റെ സബ് സെന്ററുകളായി 12 ജില്ലകളിൽ മിഷന്റെ ജില്ലാതല ഡിജിറ്റൈസേഷൻ സെന്ററുകളുടെ ജോലി പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ജില്ലാതല ഭരണകൂടത്തിന്റെ ആവശ്യം പരിഗണിച്ചും ജില്ലാ ഡിജിറ്റൈസേഷൻ സെന്ററുകളുടെ ആവശ്യം പരിഗണിച്ചും കഡസ്ട്രൽ റെക്കോർഡുകൾ നഷ്ടമാകാതെ കൃത്യമായി

LIBRARY ARCHIVES Kerala Legislative Assembly